# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ. എഡി.എ1-2-221-2018 തീയതി, 08.08.2018

## പരിപത്രം

വിഷയം:- സർവ്വകലാശാലാ ഫയലിലെ വിവരങ്ങളുടെ സമൂഹമാധ്യമങ്ങളിലെ പ്രചരണം - നവമാധ്യമങ്ങളായ വാട്ട്സ്ആപ്പ്, ഫെയ്സ്ബുക്ക് എന്നിവയുടെ ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്.

------

സർവ്വകലാശാലാ ഫയലിലെ വിവരങ്ങൾ നവമാധ്യമമായ വാട്ട്സ്ആപ്പിലൂടെ പ്രചരിക്കുന്നത് സംബന്ധിച്ച് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. വൈസ് ചാൻസിലർ അന്വേഷണത്തിന് ഉത്തരവിടുകയും, ടി അന്വേഷണറിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഓഫീസ് സമയത്ത് സർവ്വകലാശാല ഉദ്യോഗസ്ഥരിൽ ചിലരെങ്കിലും നവമാധ്യമങ്ങളിൽ സജീവമാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ സർവ്വകലാശാലയിലെ ഫയലുകളുടെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കുന്നതിനും ജീവനക്കാർ ഔദ്യോഗിക കാര്യങ്ങളിൽ കൂടുതൽ കാര്യക്ഷമമായി ഏർപ്പെടുന്നതിനും ഓഫീസ് സമയത്ത് വാട്ട്സ്ആപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയ നവമാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ഓഫീസ് സമയങ്ങളിൽ (10.15 a.m. - 4.45 p.m.) ജീവനക്കാർ വാട്ട്സ്ആപ്പ്, ഫെയ്സ്ബുക്ക് തുടങ്ങിയ നവമാധ്യമങ്ങൾ ഉപയോഗിക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു.

രജിസ്ട്രാർ

പകർപ്പ്

1. സെക്ഷനുകൾ / ഡിപ്പാർട്ട്മെന്റുകൾ/സ്കൂളുകൾ/സെന്ററുകൾ
2. വൈസ് ചാൻസിലറുടെ / പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
5. സെക്യൂരിറ്റി ഓഫീസർ / പബ്ലിക് റിലേഷൻസ് ഓഫീസർ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ.സി.
6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി / ഡേ ഫയൽ / നോട്ടീസ് ബോർഡ്